LIBRARY ARCHIVES Kerala Legislative Assembly

ഏഷ്യൻ വികസന ബാങ്കിൽ നിന്നും ലഭിച്ച വായ്പ

19 [302] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണനവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കും വേണ്ടി സംസ്ഥാന സർക്കാർ ഏഷ്യൻ വികസന ബാങ്കിൽ എത്ര കോടി രൂപയുടെ വായ്പയാണ് ആവശ്യപ്പെട്ടിരുന്നത്;

(ബി) ഏഷ്യൻ വികസന ബാങ്കിൽ നിന്ന് വായ്പ ലഭിക്കുന്നതിന് വേണ്ടി അവർ മുന്നോട്ട് വച്ച നിബന്ധനകൾ എന്തെല്ലാം;

(സി) സർക്കാർ ഏതെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് വായ്പ സ്വീകരിച്ചത്; പ്രസ്തുത നിബന്ധനയുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) നാളിതുവരെ വിവിധ ഗഡുക്കളായി എത്ര കോടി രൂപയാണ് സർക്കാരിന് എ.ഡി.ബി.-യിൽ നിന്നും ലഭിച്ചിട്ടുള്ളത്;

(ഇ) വായ്പയായി ലഭിച്ച തുക സംസ്ഥാന സർക്കാർ എന്തെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് വിനിയോഗിച്ചതെന്ന് വെളിപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 250 മില്യൻ ഡോളർ.

(ബി) അനുബന്ധം ആയി കൊടുത്തിട്ടുള്ള "പ്രോഗ്രാം ഇംപ്ലിമെന്റേഷൻ കോസ്റ്റ്" അനുസരിച്ചാണ് തുക ചെലവഴിക്കേണ്ടത്.†

(സി) നിബന്ധനകൾ അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

(ഡി) ഒന്നാം ഗഡുവായി 601.30 കോടി രൂപ കേന്ദ്ര സർക്കാർ വഴി ലഭിച്ചു.

(ഇ) അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

വിദേശ ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ

20 [303] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ വിദേശ ഏജൻസികളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എത്ര രൂപയുടെ വായ്പകളും മറ്റു ധനപരമായ ഇടപാടുകളും സർക്കാർ നടത്തിയിട്ടുണ്ട്;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിദേശ ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായുള്ള ധനകാര്യ ഇടപാടുകളുടെ വിശദമായ സ്റ്റേറ്റ്മെന്റ് തരം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ ധനകാര്യ സ്ഥാപനങ്ങൾക്കും വിദേശ ഏജൻസികൾക്കും വായ്പ തിരിച്ചടയ്ക്കേണ്ടത് എന്നു മുതലാണെന്നും, എത്ര തിരിച്ചടവ് ഉണ്ടെന്നും എത്ര തുക ബോണസ്സായി സംസ്ഥാനത്തിന് ലഭിക്കും എന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഡി) വിദേശ ഏജൻസികളിൽ നിന്നും മറ്റ് ധനകാര്യ ഏജൻസികളിൽ നിന്നും എടുത്തിട്ടുള്ള പണം എന്തൊവശ്യങ്ങൾക്കായി ചെലവഴിക്കാനാണ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഈ പണം കരാർ പ്രകാരം അല്ലാതെ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി ചെലവാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ കരാർ ഉണ്ടാക്കിയ വിദേശ ഏജൻസികൾ ഉൾപ്പെടെ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമായി എത്ര തുക ഇതുവരെ ലഭിച്ചിട്ടുണ്ട്; ഇനി എത്ര തുക ലഭിക്കാനുണ്ട്; ഇത് എപ്പോൾ ലഭിക്കും; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ജി) ഈ സർക്കാർ ധനസഹായം കൈപ്പറ്റിയ ഏജൻസികളുമായി ഉണ്ടാക്കിയ കരാറുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(എച്ച്) ഈ സർക്കാർ വാങ്ങിയ വായ്പ തുകകൾ എന്തെല്ലാം ആവശ്യങ്ങൾക്കായി എത്ര വീതം ചെലവാക്കിയിട്ടുണ്ട്; എത്ര തുക ചെലവാക്കാനുണ്ട്; വിശദമായ സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിദേശ ഏജൻസികളിൽ നിന്നും സംസ്ഥാന സർക്കാർ നേരിട്ട് വായ്പ എടുക്കുന്നില്ല. വിദേശ ഏജൻസികളിൽ നിന്നുള്ള സഹായം അധിക കേന്ദ്ര സഹായമായാണ് ലഭിച്ചു വരുന്നത്. അപ്രകാരം 1012.96 കോടി രൂപ അധിക കേന്ദ്ര സഹായമായും, 323.08 കോടി രൂപ നബാർഡിൽ നിന്നും, എൽ.ഐ.സി./ ജി.ഐ.സി./എൻ.സി.ഡി.സി. എന്നിവയിൽ നിന്ന് 1458.20 കോടി രൂപയും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ നേരിട്ട് വിദേശ ഏജൻസികളിൽ നിന്നും വായ്പ എടുക്കുന്നില്ല. വിദേശ ഏജൻസികളിൽ നിന്നുള്ള സഹായം അധിക കേന്ദ്ര സഹായമായാണ് ലഭിച്ചു വരുന്നത്. നബാർഡ് വായ്പ 7 വർഷത്തിനകം അടച്ചു തീർക്കണം. ഒടുവിലത്തെ കണക്കു പ്രകാരം നബാർഡിന് 433.55 കോടി രൂപ അടച്ചു തീർക്കാനുണ്ട്. കേന്ദ്ര വായ്പ 20 വർഷം കൊണ്ട് കേന്ദ്ര സർക്കാരിന് തിരിച്ചടയ്ക്കണം. എൽ.ഐ.സി./ ജി.ഐ.സി./എൻ.സി.ഡി.സി. വായ്പകൾ ലഭ്യമായതിന്റെ അടുത്ത വർഷം മുതൽ തിരിച്ചടയ്ക്കണം. ബോണസ് ഒന്നും ലഭിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എൽ.ഐ.സി./ജി.ഐ.സി. വായ്പകൾ ഭവന നിർമ്മാണത്തിനും എൻ.സി.ഡി.സി. വായ്പ സഹകരണ മേഖലയിലെ പദ്ധതികൾക്കുമാണ് ലഭ്യമാക്കുന്നത്. നബാർഡിന്റെ വായ്പ അടിസ്ഥാനസൗകര്യ വികസനത്തിനു വേണ്ടിയാണ്. കേന്ദ്ര സർക്കാർ മുഖാന്തിരം ലഭിച്ച വായ്പ ഭരണ നവീകരണ പദ്ധതി, സാമ്പത്തിക പരിഷ്കരണ പദ്ധതി, വൈദ്യുതി ബോർഡിനുള്ള സഹായം, അസറ്റ് റിന്യൂവൽ ഫണ്ട്, പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടന എന്നീ ആവശ്യങ്ങൾക്ക് 1012.96 കോടി രൂപയും അട്ടപ്പാടി പ്രോജക്ട്, കേരള റൂറൽ വാട്ടർ സപ്ലൈ സാനിട്ടേഷൻ പ്രോജക്ട്, കേരള ഫോറസ്ട്രി പ്രോജക്ട്, നാഷണൽ ഹൈഡ്രോളജി പ്രോജക്ട്, കേരള ട്രാൻസ്പോർട്ട് പ്രോജക്ട് എന്നിവയ്ക്കായി 411.66 കോടി രൂപയും ചെലവഴിക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്) ഇതുവരെ ലഭിച്ച തുകയുടെ വിശദ വിവരം ഉത്തരം (എ)-ൽ പരാമർശിച്ചിട്ടുണ്ട്. എ.ഡി.ബി.-യിൽ നിന്നും 125 മില്യൻ ഡോളർ കൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) എൽ.ഐ.സി./ജി.ഐ.സി./നബാർഡ്/എൻ.സി.ഡി.സി. എന്നിവയുമായി പൊതു കരാറുകളിലൊന്നും ഏർപ്പെട്ടിട്ടില്ല. എ.ഡി.ബി.-യുമായുള്ള വായ്പ കരാർ ഒപ്പു വച്ചിട്ടുള്ളത് കേന്ദ്ര സർക്കാർ ആണ്.

(എച്ച്) ഉപചോദ്യം (എ), ഉപചോദ്യം (ഡി) എന്നിവയുടെ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിവിധ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ കടം എടുത്ത തുക

21 [304] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എത്ര തുക വീതം സർക്കാർ കടം എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതേ കാലയളവിൽ പൊതുജനങ്ങളിൽ നിന്നും എന്തു തുക കടമെടുത്തിട്ടുണ്ട്;

(സി) പ്രസ്തുത തുക ഓരോന്നും ഏതെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly